# ഖുർആനിലെ ഭൗതിക ദൃഷ്ടാന്തങ്ങൾ



''(പൂർവ സമുദായങ്ങളുടെ) ചരിത്രം തീർച്ചയായും ഇവർക്ക് ലഭിച്ചിട്ടുണ്ട്. അവയിൽ ധിക്കാരത്തിൽ നിന്ന് മാറിനിൽക്കേണ്ടതിന് മതിയായ പാഠങ്ങളുണ്ട്. ഉദ്ബോധന ലക്ഷ്യം സമ്പൂർണമായി പൂർത്തീകരിക്കുംവണ്ണമുള്ള തത്ത്വങ്ങളുമുണ്ട്. പക്ഷേ, താക്കീതുകളൊന്നും ഇവരിൽ പ്രയോജനകരമാകുന്നില്ല.''

(ഖുർആൻ 54: 4-6)

## ചരിത്രം

ഖുർആൻ ചരിത്രഗ്രന്ഥമല്ല. എന്നാൽ അതിന്റെ അദ്ധ്യാപനങ്ങളുടെ ഭാഗമായി കഴിഞ്ഞുപോയ ജനതകളുടെയും സംസ്കാരങ്ങളുടെയും കഥ ഖുർആൻ എടുത്തോതുന്നത് കാണാം. പക്ഷേ, മനുഷ്യൻ ചരിത്രം പറയുന്ന രീതിയിലോ കാഴ്ചപ്പാടിലോ അല്ല ഖുർആൻ ചരിത്രത്തെ കാണുന്ന ത്. മനുഷ്യന്റെ വഴിയിൽ മാർഗദർശകമാകും വിധമാണ് അത് ചരിത്രത്തെ അവതരിപ്പിക്കുന്നത്. ഓരോ ജനതകളുടെയും ഉത്ഥാനവും പതനവും എങ്ങനെയാണ് സംഭവിച്ചതെന്ന് വസ്തുനിഷ്ഠമായി മനുഷ്യബുദ്ധിക്കു മുമ്പിൽ അവതരിക്കുമ്പോഴാണ് അത് അവന്റെ ഭാവിയിലേക്കുള്ള ശുഭസൂചനയായി പരിണമിക്കുക.

ചരിത്രത്തിന്റെ അടിസ്ഥാനമായി ഖുർആൻ കാണുന്നത് ദൈവം മനുഷ്യന് നൽകിയ ദാർശനിക പാഠങ്ങളാകുന്നു. അവിടെ ധർമവും അധർമവും രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്നു. ഒന്ന് ദർശനത്തിന്റെ ഭാഗവും മറ്റേത് വിപരീത ഭാഗവും. ഇവ തമ്മിലുള്ള സംഘട്ടനമാണ് ചരിത്രത്തിനാധാരമായി വർത്തിച്ചത്.

ധർമം എപ്പോഴും ദൈവത്തിന്റെ മേൽനോട്ടത്തിലായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് അവൻ മനുഷ്യനാഗരികതയും സംസ്കാരവും കെട്ടിപ്പടുക്കാനാജ്ഞാപിച്ചത്. അത് നിരാകരിക്കപ്പെടുന്നേടത്ത് കുഴപ്പവും അനീതിയും വളരുകയും സമൂഹം നശിക്കുകയും ചെയ്യുന്നു. ഈ നാശം ഭൗതികതലത്തിൽ മാത്രമല്ല മനുഷ്യനെ ഗ്രസിക്കുക. അവന്റെ പാരത്രികപരിണതിയെയും അത് സ്വാധീനിക്കുമെന്ന് ദൈവം വിധിച്ചു. അതിനാലാണ് മനുഷ്യവിമോചകരായി ദൈവം ദൂതന്മാരെ നിയോഗിച്ചയച്ചത്.പ്രവാചകന്മാരുടെ ദൗത്യം ജനതകളെ ദൈവമാർഗത്തി ലൂടെ മുന്നോട്ട് നയിക്കുകയും അവരുടെ നാഗരികതയേയും സംസ്കാരത്തെയും വിശുദ്ധവും ധാർമികവുമാക്കുകയെന്നതായിരുന്നു. ധർമത്തിന്റെ മറുഭാഗം പോലെത്തന്നെ പ്രവാചകന്മാർക്കും എതിർചേരിയുണ്ടാവുക സ്വാഭാവികം. പ്രവാചകനും അദ്ദേഹത്തിന്റെ ആദർശത്തിനും നേരെ അവർ കൈക്കൊണ്ട പ്രതികരണങ്ങളാണ് മിക്കപ്പോഴും അവരെ ചരിത്രത്തിന്റെ ഭാഗമായതിൽ പ്രധാന കണ്ണിയായി വർത്തിച്ചത്.

ഇത്തരത്തിലുള്ള കുറെ ചരിത്രം ഖുർആൻ ഗുണപാഠമെന്ന നിലക്ക് എടുത്തുപറഞ്ഞിട്ടുണ്ട്. അത് അവതരിക്കുന്ന കാലത്തെ ജനത കേട്ടതും അവർക്ക് അജ്ഞാതവുമായിരുന്നപ്രസ്തുത ചരിത്രം മനുഷ്യരെ സംസ്കരിക്കുന്നതിനു വേണ്ടിയാണ് തന്മയത്വത്തോടു കൂടി ഖുർആൻ അവതരിപ്പിച്ചത്. അതിൽ ഒന്നിൽ പോലും അബദ്ധമോ വ്യാജമോ ഇല്ലെന്നതിന് അതിന്റെ വിമർശകർ തന്നെ സാക്ഷികളാണ്.

ഏത് കാലക്കാരായാലും ദേശക്കാരായാലും ശരി മനുഷ്യരെയും അവരുടെ നാഗരികതയെയും സംസ്കരിക്കുകയും നീതിയുടെ പ്രതിരൂപങ്ങളായി മാറ്റുകയും വിധം ചരിത്രത്തെ കൈകാര്യം ചെയ്ത ഖുർആന്റെ രീതി ഇന്നും വേറിട്ടുനിൽക്കുന്നു. മനു ഷ്യജീവിതത്തിൽ ചരിത്രം കൊണ്ട് വ്യക്തമായ ലക്ഷ്യം നിർണയിക്കുകയും അതിനുതകും വിധത്തിൽ ചരിത്രത്തെ അവതരിപ്പിക്കുകയും വസ്തുനിഷ്ഠമായ രീതിയിൽ അതിനെ ആവിഷ്കരിക്കുകയും ചെയ്യുന്നതിലൊക്കെ ഖുർആൻ മുറുകെ പിടിച്ച മൗലികത വിസ്മയമുണ്ടാക്കുന്നതാണ്.

തനിക്കോ തന്റെ കാലത്തെ മുതിർന്നവർക്കോ കേട്ടുകേൾവി പോലുമില്ലാതിരുന്ന മനുഷ്യനാഗരികതയുടെ ഉത്ഥാന പതനചരിത്രം വിശദാംശങ്ങളോടെ നിരക്ഷരനായ മുഹമ്മദ്നബിക്ക് എവിടന്ന് കിട്ടി? ദൈവമെന്നാണ് കാലത്തിന് അതിന് ഉത്തരം നൽകാനുള്ളത്. അതു തന്നെയാണ് ഖുർആന്റെ ചരിത്രവിസ്മയം.

**അബ്ദുൽ ജലീൽ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com